**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 167** **09-02-2023 - ൽ മറുപടിയ്ക്ക്**

**മിശ്ര വിവാഹിതർക്കുള്ള സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മിശ്ര വിവാഹത്തിനായി നിലവിലുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സ്പെഷ്യൽ മാര്യേജ് ആക്ട്, 1954 പ്രകാരമുള്ള വിവാഹമാണെങ്കിൽ അപ്രകാരമുള്ള വിവാഹം നടത്തുന്നത് രജിസ്ട്രേഷൻ വകുപ്പിനു കീഴിലെ സബ് രജിസ്ട്രാറുടെ ഓഫീസിലാണ് . ആയതിൽ മിശ്രവിവാഹങ്ങളും ഉൾപ്പെടാറുണ്ട്. നടന്ന വിവാഹം രജിസ്റ്റർ ചെയ്യുക മാത്രമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനം ചെയ്യുന്നത്. |
| (ബി) | മിശ്ര വിവാഹിതർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; | (ബി) | മിശ്രവിവാഹിതർക്ക് തങ്ങളുടെ വിവാഹം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുവാൻ നിലവിൽ തടസ്സങ്ങൾ ഒന്നുമില്ല. കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 6, ചട്ടം 9 എന്നിവ പ്രകാരം മെമ്മോറാണ്ടം 1 ഉം വിവാഹം നടന്നതിന്റെ തെളിവായ വിവാഹ ഓഫീസറുടെ (സബ് രജിസ്ട്രാറുടെ) സർട്ടിഫിക്കറ്റും സഹിതം വിവാഹം നടന്നിട്ടുള്ള സബ് രജിസ്ട്രാർ ഓഫീസ് സ്ഥിതിചെയ്യുന്ന തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റിലെ തദ്ദേശ രജിസ്ട്രാർക്ക് അപേക്ഷ നൽകാവുന്നതാണ്. |
| (സി) | മിശ്ര വിവാഹിതർക്ക് നൽകിവരുന്ന ധനസഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 08/02/2021 ലെ സർക്കാർ ഉത്തരവ് (എം.എസ്) 17/21 പ്രകാരം മിശ്രവിവാഹം കൊണ്ട് ദുരിതമനുഭവിക്കുന്ന പട്ടികവിഭാഗക്കാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനും മറ്റുമായി ഒരു ലക്ഷം രൂപവരെ വരുമാനമുള്ളവർക്ക് 75,000/- രൂപ ധനസഹായം അനുവദിക്കുന്നു.<br><br>തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽ മിശ്രവിവാഹിതർ അംഗങ്ങളാണെങ്കിൽ അതാത് ക്ഷേമപദ്ധതി |

| | | | |
|---|---|---|---|
| | | | പ്രകാരം അംഗങ്ങൾക്കനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ അർഹതയ്ക്കനുസരിച്ച് ലഭിയ്ക്കുന്നതാണ്.<br><br>പട്ടികജാതി പട്ടികവർഗ്ഗം ഒഴികെയുള്ള, മിശ്രവിവാഹം ചെയ്യതുമൂലം സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ദമ്പതിമാർക്ക് അതിജീവനത്തിനായി ധനസഹായം നൽകുന്ന പദ്ധതി മുഖേന മുപ്പതിനായിരം രൂപ സാമൂഹ്യനീതി വകുപ്പ് ധനസഹായമായി അനുവദിച്ചുവരുന്നു. ധനസഹായമായി നൽകുന്ന തുക വ്യവസായം ആരംഭിക്കൽ, സ്ഥലം വാങ്ങൽ, ഭവനനിർമ്മാണം തുടങ്ങിയ മൂലധന നിക്ഷേപങ്ങൾക്ക് വേണ്ടി വിനിയോഗിക്കാവുന്നതാണ്. വിവാഹശേഷം ഒരുവർഷം കഴിഞ്ഞും രണ്ടുവർഷത്തിനുള്ളിലുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. സുനീതി പോർട്ടൽ മുഖേന അതാത് ജില്ലകളിൽ ലഭിക്കുന്ന അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർ പരിശോധിച്ച് ശുപാർശ ചെയ്യുന്നു. പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ അടിസ്ഥാനത്തിൽ തുക കൈമാറുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുമാണ് ചെയ്തുവരുന്നത്. |
| (ഡി) | മിശ്ര വിവാഹം ചെയ്തവർക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് ഒരു വർഷം വരെ അവർക്ക് താമസിക്കാൻ സേഫ്ഹോമുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | WP(C) No.231/2010- Shakthi Vahini vs Union of India & others എന്ന കേസിന്മേൽ 31/05/2018 – ൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായപ്രകാരം സംസ്ഥാന സർക്കാർ ഓരോ ജില്ലാ ആസ്ഥാനത്തും മിശ്ര വിവാഹിതർക്കായി ഒരു സുരക്ഷിതഭവനം(Safe Home) സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹികവും കുടുംബപരവുമായ പ്രശ്നങ്ങളെ അഭിമുഖീകരിയ്ക്കേണ്ടി വരുന്ന മിശ്രവിവാഹിതരെ പുനരധിവസിപ്പിക്കുന്നതിന് എൻ.ജി.ഒകളുമായി സഹകരിച്ച് ജില്ലാ കേന്ദ്രങ്ങളിൽ സെയ്ഫ് ഹോം ആരംഭിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സാമൂഹ്യ പ്രശ്നങ്ങൾ നേരിടുന്ന മിശ്രവിവാഹ ദമ്പതികൾക്ക് പുനരധിവാസത്തിനുള്ള പിന്തുണ, കൗൺസിലിംഗ്, നിയമസഹായം തുടങ്ങിയവ നൽകി അതിജീവനത്തിന് പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സെയ്ഫ് ഹോം ആരംഭിക്കുന്നതിനായി താല്പര്യമുള്ള എൻ.ജി.ഒ കളിൽ നിന്നും താല്പര്യപത്രം ക്ഷണിച്ച് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഒഴികെയുള്ള | (ഇ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ |

| | | | |
|---|---|---|---|
| | മിശ്ര വിവാഹിതരായ ദമ്പതികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി എന്തൊക്കെ സഹായമാണ് നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ? | | 08/02/2021- ലെ സ.ഉ (കൈ) നം. 17/2021 പ്രകാരം മിശ്രവിവാഹ ദമ്പതികളിൽ ഒരാൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതും കുടുംബവരുമാനപരിധി ഒരു ലക്ഷം രൂപയിൽ താഴെയുമാണെങ്കിൽ എഴുപത്തായ്യിരം രൂപ സാമ്പത്തികസഹായമായി അനുവദിക്കുന്നുണ്ട്.<br>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 01/06/2015 – ലെ സ.ഉ (കൈ)നം. 39/2015 ഉത്തരവ് പ്രകാരം മിശ്രവിവാഹം മൂലം ക്ലേശം അനുഭവിക്കുന്നവർക്ക് സഹായം അനുവദിക്കുന്നതിന് വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷവും മൂന്ന് വർഷത്തിനുള്ളിലും അപേക്ഷ സമർപ്പിക്കണം. ഒരു ലക്ഷം രൂപ വരുമാനപരിധിയായി നിശ്ചയിച്ചിട്ടുണ്ട്. അപേക്ഷകന്റെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, പഞ്ചായത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് തുടങ്ങിയവ സഹിതം അപേക്ഷ അതാത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നൽകേണ്ടതും ആയത് ബന്ധപ്പെട്ട ട്രൈബൽ ഓഫീസർ അന്വേഷണം നടത്തി മിശ്രവിവാഹധനസഹായത്തിന് അർഹരാണെന്ന് ബോധ്യപ്പെടുന്ന പക്ഷം ജില്ലാതല ഓഫീസിലേക്ക് ശിപാർശ ചെയ്യുകയും ആയത് പ്രകാരം സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു.<br>പട്ടികജാതി/പട്ടികവർഗ്ഗം ഒഴികെയുള്ള മിശ്രവിവാഹം ചെയ്തുമൂലം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ദമ്പതിമാർക്ക് ധനസഹായം നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. ടി പദ്ധതി മുഖേന ഗുണഭോക്താക്കൾക്ക് മുപ്പതിനായിരം രൂപ അനുവദിച്ചുവരുന്നു. ധനസഹായമായി നൽകുന്ന തുക വ്യവസായം ആരംഭിക്കൽ, സ്ഥലം വാങ്ങൽ, ഭവനനിർമ്മാണം തുടങ്ങിയ മൂലധനനിക്ഷേപങ്ങൾക്കു വേണ്ടിയാണ് വിനിയോഗിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ